പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1547

05-02-2019-ൽ മറുപടിക്ക്

**കർഷകർക്ക് ജപ്തി നോട്ടീസ്**

**ചോദ്യം**

**ശ്രീ. എൻ. ഷംസുദ്ദീൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെ തുടർന്ന് കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ കർഷകർക്ക് ബാങ്കുകൾ ഇപ്പോഴും ജപ്തി നോട്ടീസ് അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ചുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ അനുഭാവപൂർവ്വം പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി എസ്.എൽ.ബി.സി കൺവീനർക്കും ബന്ധപ്പെട്ട ബാങ്ക് അധികൃതർക്കും അയച്ചുകൊടുത്തിട്ടുണ്ട്. തികച്ചും നിയമാനുസൃതമായ റിക്കവറി നടപടികൾ മാത്രമേ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അവലംബിക്കുന്നുള്ളൂവെന്നും പ്രളയത്തിന് മുമ്പ് നിഷ്ക്രിയ ആസ്തിയായി മാറിയ അക്കൗണ്ടുകളിൽ തുടർന്ന് വരുന്ന റിക്കവറി നടപടികൾ നിറുത്തിവച്ചിട്ടില്ല എന്നും എസ്.എൽ.ബി.സി കൺവീനർ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസറോട് ഉടൻ തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് വിഷയം ചർച്ച ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ